# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

ശ്രീനാരായണ വിലാസം സീനിയർ ബേസിക് സ്കൂൾ

കുറിച്ചിയിൽ

# ആമുഖം

വരുന്ന അക്കാദമിക വർഷം പാഠ്യ പാഠ്യേതര മേഖലകളിൽ നമ്മുടെ വിദ്യാലയത്തിൽ പ്രാവർത്തികമാക്കേണ്ടതായ ആശയങ്ങളും കൊണ്ടുവരേണ്ടതായ മാറ്റങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ശ്രീനാരായണ വിലാസം സീനിയർ ബേസിക് സ്കൂളിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്

തലശ്ശേരി സൗത്ത് ഉപജില്ലയിൽ നല്ല തിളക്കമാർന്ന നിലയിലാണ് നിലവിൽ നമ്മുടെ വിദ്യാലയം ഉള്ളത് ഇന്നിന്റെ സാഹചര്യത്തിനൊത്ത് മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രദേശത്തെ പ്രധാനകേന്ദ്രമാവണം നമ്മുടെ വിദ്യാലയം എന്ന സദുദ്ദേശത്തോടു കൂടിയാണ് നമ്മുടെ അക്കാദമിക് മാസ്റ്റർ പ്ലാൻ ഒരുക്കിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. മികച്ച വിദ്യാലയം
2. അക്കാദമിക് നിലവാരമുയർത്തൽ
3. ശിശുസൗഹൃദ അന്തരീക്ഷം

## മേഖലകൾ

1. ശുചിത്വം
2. പഠനാന്തരീക്ഷം
3. പ്രസിദ്ധീകരണങ്ങൾ - കുട്ടികളുടെ, രക്ഷിതാക്കൾ, അദ്ധ്യാപകരുടെ രചനകൾ
4. വായന സന്തുഷ്ടമാക്കൽ
5. പഠനയാത്ര - തനത് പ്രവർത്തനങ്ങൾ
6. ഐ ടി മേഖല
7. മൂല്യനിർണയ രീതികൾ
8. എൽ എസ് എസ് / യു എസ് എസ് സ്കോളർഷിപ്.
9. സാമൂഹ്യ ഇടപെടൽ

## 1. ശുചിത്വം

വിദ്യാലയ അന്തരീക്ഷത്തിൽ ശുചിത്വത്തിന് സുപ്രധാന പങ്കുണ്ട്. മാലിന്യ സംസ്കരണത്തിന് റിങ് കമ്പോസ്റ് അടക്കം സ്വീകരിക്കണം. ക്ലാസ്സുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കാൻ സാംവിദാനങ്ങൾ ഒരുക്കും. മൂത്രപ്പുരകൾ ശുചിയാക്കും പധാന ശാല , പരിസരം എന്നിവ ശുചിയാക്കി സൂക്ഷിക്കും സമ്പൂർണ്ണ പ്ലാസ്റ്റിക് പുകയില ലഹരിവിമുക്തമാക്കാൻ പ്രയത്നിക്കും. കുടിവെള്ള വിതരണം സംവിധാനം ശക്തിപ്പെടുത്തും . വാട്ടർ പ്യൂരിഫയെർ കാര്യക്ഷമമാക്കും. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന ബോധം എല്ലാവരിലും ഉണ്ടാക്കാൻ പ്രയത്നിക്കും.

## 2. പഠനാന്തരീക്ഷം

മികച്ചപഠനാന്തരീക്ഷം സ്കൂളിനുണ്ട്. തനിനാടൻ ഗ്രാമീണത എന്നത് നമ്മുടെ വിദ്യാലയത്തിന് സ്വന്തമായതാണ്. ശുദ്ധവായൂ, അന്തരീക്ഷമലിനീകരണമില്ലായിമ, ശബ്ദമലിനീകരണം കുറവ്, മികച്ച ക്ലാസ്സ് മുറികൾ എന്നിവ നമുക്ക് ഉണ്ട്. ക്ലാസ്സുകളിൽ പുതിയപഠന പ്രവർത്തനത്തിന് ഒതുക്കും വിധം സാങ്കേതികവിദ്യാ സഹായങ്ങൾ ഒരുക്കണം.

## 3.പ്രസിദ്ധീകരണങ്ങൾ - കുട്ടികളുടെ, രക്ഷിതാക്കൾ, അദ്യാപകരുടെ രചനകൾ

## 4.വായന സന്തുഷ്ടമാക്കൽ

## 5. പഠനയാത്ര - തനത് പ്രവർത്തനങ്ങൾ

കുട്ടികളുടെ, രക്ഷിതാക്കളുടെ അദ്ധ്യാപകരുടെ രചനകൾ പ്രസിദ്ധീകരിക്കും. കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പ്രത്യേകപരിശീലനം വിവിധ മേഖലകളിൽ നൽകും. പഠ്യേതര പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകും. തനത് പ്രവർത്തനങ്ങൾ കൃത്യവും വ്യക്തവും വേറിട്ടതുമായി ഡോക്യുമെന്റ് ചെയ്യും. മികച്ച പ്രവർത്തനങ്ങളിലൂടെ കുട്ടികളെ സന്തുഷ്ടമാക്കും. പഠന ഉല്ലാസയാത്രകൾ സംഘടിപ്പുക്കും, പ്രകൃതി പഠന ക്യാമ്പുകൾക്ക് ശാസ്ത്ര സാങ്കേതിക യാത്രകൾക്ക് മുൻഗണന നൽകും. കൃത്യമായ മുന്നൊരുക്കങ്ങൾ നടത്തും.

## 6. ഐ ടി മേഖല

ആധുനിക വിവര സാങ്കേതിക വിദ്യയിൽ നമ്മുടെ കുട്ടികൾ പിന്നോക്കാവസ്ഥയിൽ ആകരുത്. നല്ല മികച്ച നിലയിലുള്ള ഐ ടി വിങ് നമ്മുടെ വിദ്യാലയത്തിനുണ്ട്. ഐ ടി അടിസ്ഥാന വിവരങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കി നൽകണം . ഐ ടി മത്സരങ്ങളിലേക്ക് കുട്ടികളെ പങ്കെടുപ്പിക്കാനുതകും വിധം പരിശീലനങ്ങൾ നൽകണം. അതിനായവരെ പ്രാപ്തരാക്കും. കൂടുതൽ ലാപ്ടോപ്പുകൾ ലഭ്യമാക്കാൻ ശ്രമിക്കും അതിനായുള്ള ശ്രമങ്ങൾക്ക് തുടക്കമിടും.

## 7. മൂല്യനിർണയ രീതികൾ

കൃത്യവും സ്പഷ്ടവുമായ മൂല്യനിർണയ രീതികൾ ഈ വർഷം നടപ്പിൽ വരുത്തും. കാര്യമായ ഇടവേളകളിൽ കുട്ടികൾ കൈവരിച്ചപഠന നേട്ടങ്ങൾ വിവിധ മോഡൽ പരീക്ഷകളിലൂടെ ലഭ്യമാക്കും. പൊതു പരീക്ഷ എന്ന ഗൗരവത്തിൽ തന്നെയാവും എല്ലാ മോഡൽ ടെസ്റ്റുകളും നടത്തുന്നതാണ്. ക്ലാസ് പി ടി എ യോഗങ്ങൾ ചേർന്ന് കുട്ടിയുടെ പഠനാവസ്ഥ വിലയിരുത്തും ഗൃഹസന്ദർശനങ്ങൾ നടത്തും രക്ഷാകർത്താവും വിദ്യാർത്ഥിയുമായി ചേർന്ന് പഠനാന്തരീക്ഷങ്ങളെ കുറിച്ച് ചർച്ചനടത്തി പരിഹാരമാർഗങ്ങൾ കണ്ടെത്തും.

## 8. സ്കോളർഷിപ്പുകൾ

എൽ എസ് എസ് / യു എസ് എസ് പരീക്ഷയിൽ മികച്ച വിജയവും നമ്മുടെ വിദ്യാലയം കരസ്ഥമാക്കിയിട്ടുണ്ട്. എന്നാൽ അത് നിലനിർത്താനും കൂടുതൽ മികവുറ്റതാക്കാനും ശ്രമിക്കും. പ്രത്യേക സ്ക്രീനിംഗ് അതിന്റെ ഭാഗമായി നടത്തുന്നതാണ് തുടർന്ന് രക്ഷിതാക്കളുടെ സുപ്രധാന യോഗങ്ങൾ ചേരും വിജയത്തിനുപിന്നിലെ രക്ഷിതാവിന്റെ പങ്കിനെ കുറിച്ച് ബോധവത്കരണം നടത്തും. കുട്ടികൾക്കും രക്ഷിതാവിനും ആത്മവിശ്വാസം ഉണ്ടാക്കാനുതകുന്ന പരിപാടികൾ സജ്ജീകരിക്കും. കൂടുതൽ കുട്ടികൾക്ക് പരീക്ഷകളിൽ പങ്കെടുക്കുവാനും മികച്ച വിജയങ്ങൾ കരസ്ഥമാക്കാനുമായുള്ള പരിശ്രമങ്ങൾ നടത്തും.

## 9. സാമൂഹ്യ ഇടപെടൽ

ഓരോ വിദ്യാലയവും സമൂഹഗന്ധിയാവടേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്. ഓരോ പ്രദേശത്തിന്റെ പ്രതിഭിംബമാവാൻ ഓരോ വിദ്യാലയത്തിനും സാധിക്കേണ്ടതുണ്ട്. സമൂഹത്തിൽ ഇടപെട്ട് സമൂഹത്തിന് ഉപകാരപ്രദമായുള്ള പ്രവർത്തങ്ങൾക്ക് തുടക്കമിടും. പലവിധ പ്രയാസമനുഭവിക്കുന്ന കുട്ടികളെയും രക്ഷിതാക്കളെയും കണ്ടെത്തി ആവശ്യമായ പിന്തുണ സംവിധാനങ്ങൾ ഒരുക്കും. ജീവകാരുണ്യ മേഖലയിൽ സജീവസാന്നിധ്യമാവും.

# സംഗ്രഹം

വിദ്യാലയത്തെ സർവ്വതോൻമുഖമായി ഉന്നതയിൽ എത്തിക്കുക എന്നതിലാണ് എല്ലാ ഒരുക്കങ്ങളും അവസാനം എത്തിനിൽക്കുന്നത്. എല്ലാവെല്ലുവിളികളെയും ഏറ്റടുത്ത് മുന്നോടേക്ക് കുതിക്കാനുള്ള ഊർജവും അദ്ധ്യാപകർക്ക് കൈവരിക്കാനാകണം. നേടണം, നേടിയെടുക്കണം എന്ന ശുഭാപ്തി വിശ്വാസം നമ്മുടെ അദ്ധ്യാപകരിൽ ഉണ്ട് എന്നത് ഏറെ പ്രതീക്ഷാജനകമാണ് എന്ന് സൂചിപ്പിക്കട്ടെ